പ്രസ്സ് റിലീസ് ജൂൺ 07, 2013

# ജനറൽ ആശുപത്രിയിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തും: മന്ത്രി വി.എസ്.ശിവകുമാർ

തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ പനി ബാധിതർക്കുവേണ്ടി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുമെന്ന് ആരോഗ്യമന്ത്രി വി.എസ്.ശിവകുമാർ അറിയിച്ചു. പനി ബാധിതരെ പ്രവേശിപ്പിച്ച എല്ലാ വാർഡുകളും സന്ദർശിച്ചശേഷമാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. സ്റ്റാഫ് നഴ്സ്, നഴ്സിംഗ് അസിസ്റ്റന്റ്, അറ്റൻഡർ ഗ്രേഡ്-2 എന്നീ തസ്തികകളിൽ കൂടുതലായി 28 പേരെ നിയമിക്കുന്നതിന് ഉത്തരവ് നൽകിക്കഴിഞ്ഞു. കൂടുതൽ ഡോക്ടർമാരുടെ സേവനം ആവശ്യമെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കും. അധികമായി കിടക്കകൾ ആവശ്യമായി വന്നാൽ അത് ഏർപ്പെടുത്തണമെന്നും മന്ത്രി നിർദ്ദേശിച്ചു. രോഗികളുമായും കൂട്ടിരിപ്പുകാരുമായും മന്ത്രി ആശയവിനിമയം നടത്തി. ആരും യാതൊരു പരാതിയും ഉന്നയിച്ചില്ല. അവസരത്തിനൊത്തുയർന്ന് ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്ന ഡോക്ടർമാരുൾപ്പെടെയുള്ള എല്ലാ ഉദ്യോഗസ്ഥരെയും മന്ത്രി അഭിനന്ദിച്ചു. വാർഡ് സന്ദർശനത്തിനുശേഷം നടന്ന യോഗത്തിൽ എല്ലാ ദിവസവും പ്രത്യേക അവലോകനയോഗം നടത്തി സ്ഥിതിഗതികൾ വിലയിരുത്തണമെന്ന് മന്ത്രി നിർദ്ദേശിച്ചു.

മാനസികരോഗികൾക്ക് മറ്റ് രോഗികളെപ്പോലെ ആശുപത്രികളിലെ കിടത്തി ചികിത്സയ്ക്ക് ആർ.എസ്.ബി.വൈ. ആനുകൂല്യം ലഭ്യമാക്കണമെന്ന് 'അലയൻസ് ഫോർ മെന്റൽ ഹെൽത്ത് പ്രൊമോഷൻ' എന്ന സംഘടന ആശുപത്രിയിൽവച്ച് മന്ത്രിയോട് ആവശ്യപ്പെട്ടു. മുഖ്യമന്ത്രിയുമായും, തൊഴിൽ വകുപ്പ് മന്ത്രിയുമായും ആലോചിച്ച് അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി അറിയിച്ചു.

വിവിധ വാർഡുകളിലായി 150 പനിക്കാരാണ് ഇപ്പോൾ ചികിത്സയിലുള്ളത്. ഇവരിൽ ഡെങ്കിപ്പനി ബാധിച്ച 39 പേരും, ടൈഫോയിഡ് ബാധിച്ച നാലുപേരും, എലിപ്പനി, മഞ്ഞപ്പിത്തം എന്നിവ ബാധിച്ച രണ്ടുപേർ വീതവും ഉൾപ്പെടുന്നു. ഒ.പി. വിഭാഗത്തിൽ 2450 പേരാണ് വെള്ളിയാഴ്ച ചികിത്സ തേടിയത്. ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ:എൻ.ശ്രീധർ, ആശുപത്രി സൂപ്രണ്ട് ഡോ:ഫസീലത്ത് ബീവി, അഡീഷണൽ ഡി.എം.ഒ. ഡോ:സതീഷ്, ആരോഗ്യവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഡോ:സുനിൽകുമാർ, ആർ.എം.ഒ ഡോ:സ്റ്റാൻലി ജയിൻ, എച്ച്.ഡി.സി. അംഗം തമ്പാനൂർ സതീഷ് എന്നിവർ മന്ത്രിയെ അനുഗമിച്ചു.

**ആരോഗ്യവകുപ്പ് മന്ത്രിയുടെ
പ്രസ്സ് സെക്രട്ടറി
(+91 9946 105965)**

---------------------------